## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2743 — 12-03-2018 -ൽ മറുപടിക്ക്

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ബി.സത്യൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. രാജു എബ്രഹാം | | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ദുരന്ത നിവാരണ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | 2005-ലെ ഡി. എം. ആക്ട് (ദുരന്ത നിവാരണ നിയമം) പാസ്സായി പത്തു വർഷത്തിലേറെയായിട്ടും സംസ്ഥാന/ജില്ലാ തലങ്ങളിലും തദ്ദേശീയ തലങ്ങളിലും ദുരന്ത നിവാരണ പദ്ധതികളുടെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുകയെന്ന ബാധ്യത പോലും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തിയിട്ടില്ല എന്ന സി & എ. ജി. യുടെ 2017-ലെ റിപ്പോർട്ടിലെ പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ദുരന്ത നിവാരണ നിയമം 2005, Section 70 (2) പ്രകാരം സംസ്ഥാന അതോറിറ്റിയാണ് വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടത്. ജില്ലാ തല അതോറിറ്റികൾക്ക് വാർഷിക റിപ്പോർട്ട് സമർപ്പിക്കുവാൻ നിയമപരമായ ബാധ്യതയില്ല<br>2011 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് നൽകുന്ന മുറയ്ക്കാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി ലഭ്യമാകുന്നത്. |
| സി) | കെ. എസ്. ഡി. എം.എ. (കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി) കഴിഞ്ഞ വർഷത്തെ പദ്ധതിയുടെ വാർഷിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | സി) | 2016-17 ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ജില്ലകളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ചു തയ്യാറാക്കി വരുന്നു. |
| ഡി) | ദുരന്തവുമായി ബന്ധപ്പെട്ട അപകട സാധ്യതകളും ബാഹ്യ ഏജൻസികളുടെമേലുള്ള ആശ്രിതത്വവും കുറയ്ക്കുന്നതിനായി രൂപീകരിക്കേണ്ട വില്ലേജ് ദുരന്ത നിവാരണ സമിതികൾ രൂപീകരിക്കുന്നതിന് മുൻകാലങ്ങളിൽ കുറ്റകരമായ അനാസ്ഥയുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | ഡി) | ഇല്ല. Disaster Management Act, 2005 പ്രകാരം Village Disaster Managements Committees രൂപീകരിക്കുവാൻ നിയമപരമായി ബാധ്യതയില്ലായെങ്കിലും തദ്ദേശ സ്ഥാപനങ്ങളിൽ അതാത് പ്രദേശത്തിന്റെ ആവശ്യകത മാനിച്ച് ഇത്തരം സമിതികൾ രൂപീകരിക്കുവാൻ സാങ്കേതിക സഹായം നൽകിയിട്ടുണ്ട്.<br>നിലവിൽ സാമൂഹികാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതി പ്രകാരം 14 ജില്ലകളിലായി ഏറ്റവും ദുരന്ത സാധ്യതയുള്ള 197 വില്ലേജുകളിൽ ദുരന്ത ലഘൂകരണ പദ്ധതി തയാറാക്കിയിട്ടുണ്ട്. ഐക്യരാഷ്ട്ര വികസന പദ്ധതി (UNDP)യുടെ നഗര കേന്ദ്രീകൃത ദുരന്ത നിവാരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ദുരന്ത സാധ്യതയുടെ അടിസ്ഥാനത്തിൽ തീവ്ര ദുരന്ത സാധ്യതാ വാർഡുകളിൽ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാർ - ഐക്യരാഷ്ട്ര വികസന പദ്ധതി (UNDP) സഹായത്തോടെ നടപ്പാക്കിയ ദുരന്ത-കാലാവസ്ഥാ വ്യതിയാന പ്രതിരോധശേഷി വർദ്ധിപ്പിക്കൽ പദ്ധതിയിൽ (2013-17) ഉൾപ്പെടുത്തി മൺറോ തുരുത്ത് (കൊല്ലം ജില്ല), പെരിങ്ങര (പത്തനംതിട്ട ജില്ല) എന്നിവിടങ്ങളിൽ പ്രത്യേകം ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ എല്ലാ വാർഡുകളിലും പ്രാദേശിക ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br>ഇന്ത്യയിൽ തന്നെ അപൂർവ്വം നഗരങ്ങളിൽ മാത്രം തയ്യാറാക്കിയിട്ടുള്ള, നഗര ദുരന്ത ലഘൂകരണ പദ്ധതിയും, മുന്നറിയിപ്പ് പദ്ധതിയും തിരുവനന്തപുരം നഗരത്തിന് വേണ്ടി 2015 ൽ തയ്യാറാക്കുകയും, ജില്ലാ അതോറിറ്റി അംഗീകരിക്കുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കുവാൻ തിരുവനന്തപുരം നഗരസഭ സ്വന്തം ഫണ്ടിൽ നിന്നും പണം വകയിരുത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ